**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത പുരസ്കാരമായ "കേരളപുരസ്കാരങ്ങൾ" സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (അതീവ രഹസ്യ) വകുപ്പ്**

സ.ഉ.(പി) നം. 17/2022/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 22.07.2022.

---

പരാമർശം:- 1. 21.10.2021 ലെ സ.ഉ.(പി) നം.27/2021/പൊ.ഭ.വ. നമ്പർ ഉത്തരവ്.
2. 16.03.2022 ലെ 466/എസ്.സി.2/2021/പൊ.ഭ.വ. നമ്പർ വിജ്ഞാപനം.

**<u>ഉത്തരവ്</u>**

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിത്വങ്ങൾക്ക് കേരളപുരസ്കാരങ്ങൾ എന്ന പേരിൽ പരമോന്നത പുരസ്കാരങ്ങൾ നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ച് പ്രസ്തുത പുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2022-ലെ പ്രഥമ കേരളപുരസ്കാരങ്ങൾക്കായി ലഭിച്ച നാമനിർദ്ദേശങ്ങൾ പരിശോധിച്ചതിൽ പുരസ്കാരത്തിനായി പരിഗണിക്കുന്ന മേഖലകളിൽ എല്ലാ വിഭാഗത്തിൽ നിന്നും വേണ്ടത്ര നാമനിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരങ്ങൾക്ക് സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള വ്യക്തികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിലേക്കായി, ഓൺലൈനായി ലഭിച്ച നാമനിർദ്ദേശങ്ങൾക്ക് പുറമെ പുരസ്കാരങ്ങൾക്ക് അർഹരായവരെ വിവിധ മേഖലകളിൽ നിന്നും കണ്ടെത്തി ശിപാർശ ചെയ്യുന്നതിന് പ്രാഥമിക പരിശോധന സമിതിയെ സെർച്ച് കമ്മറ്റിയായി കൂടി ചുമതലപ്പെടുത്തുന്നത് ഉചിതമാണെന്ന് വിലയിരുത്തുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങൾക്ക് ഓൺലൈനായി ലഭിച്ച നാമനിർദ്ദേശങ്ങൾക്കൊപ്പം, വിവിധ വിഭാഗങ്ങളിൽ നിന്നും അർഹരായവരെ കണ്ടെത്തി നാമനിർദ്ദേശം സമർപ്പിക്കുന്നതിലേയ്ക്കായി ഈ വർഷത്തേയ്ക്ക് മാത്രം, പ്രാഥമിക പരിശോധന സമിതിയെ(സെക്രട്ടറിതല സമിതി) സെർച്ച് കമ്മറ്റിയായി കൂടി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

4. കൂടാതെ കേരളപുരസ്കാരങ്ങൾക്കായി പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ താഴെപ്പറയും പ്രകാരം ഭേദഗതികൾ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(....2)

(i) "പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള യോഗ്യത" എന്ന തലക്കെട്ടിന് ചുവടെയുള്ള ഖണ്ഡികയുടെ അവസാനം ചുവടെപ്പറയുന്ന വാക്യം കൂടി ചേർക്കുന്നു.

"പത്മശ്രീ പുരസ്കാരം നേടിയിട്ടുള്ളവരെ കേരളശ്രീ പുരസ്കാരത്തിനും പത്മഭൂഷൺ നേടിയിട്ടുള്ളവരെ കേരളശ്രീ, കേരളപ്രഭ എന്നീ പുരസ്കാരങ്ങൾക്കും പത്മവിഭൂഷൺ നേടിയിട്ടുള്ളവരെ കേരളപുരസ്കാരങ്ങൾക്കും പരിഗണിക്കേണ്ടതില്ല."

(ii) പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നവരുടെ മേഖലയിൽ 11-ാം ഇനമായി "കൃഷി"-യും, 12-ാം ഇനമായി "മറ്റ് മേഖലകൾ - മൽസ്യബന്ധനം തുടങ്ങിയ പ്രാഥമിക ഉൽപാദനമേഖലകൾ, സംസ്ഥാനത്തിന്റെ പുരോഗതിക്ക് വഴിയൊരുക്കുന്നവരും സംസ്ഥാനത്തെ സാംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്നവരും, മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും, സാമൂഹ്യ വനവല്ക്കരണം, വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ഏർപ്പെടുന്നവരും തുടങ്ങി മേൽപ്പറഞ്ഞ മേഖലകളിൽ ഉൾപ്പെടാത്ത വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരുമായ മറ്റ് വിഭാഗങ്ങളും." എന്നും ചേർക്കുന്നു.

5. മേൽ ഭേദഗതികളോടെ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വി പി ജോയ്**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി,
സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവിമാർക്കും
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സംസ്ഥാനത്തെ എല്ലാ എം.പി. മാർക്കും എം.എൽ.എ. മാർക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ